**ഇന്ത്യ - ജര്മനി ഉന്നത തല സാങ്കേതിക വിദ്യ പങ്കാളിത്ത സംഘങ്ങളുടെ ആദ്യ സമ്മേളനം**

**സെപ്തംബര് 10, 2013**

• ഇന്ത്യ - ജര്മനി ഉന്നത തല സാങ്കേതിക വിദ്യ പങ്കാളിത്ത സംഘങ്ങളുടെ (India-Germany High Technology Partnership Group ) ആദ്യ സമ്മേളനം ഇന്ന് ബര്ലിനില് നടന്നു. കേന്ദ്ര വിദേശകാര്യ സെക്രട്ടറി ശ്രീമതി സുജാത സിംഗും ജര്മനി വിദേശ കാര്യ കാര്യാലയതിന്റെ സ്റ്റേറ്റ് സെക്രട്ടറി ഹാരാള്ഡ് ബ്രൌണും സമ്മേളനത്തില് ആധ്യക്ഷ പദവി പങ്ക് വച്ചു. ഉന്നത തല സാങ്കേതിക വിദ്യ സഹകരണത്തില് ഉള്ള ഉഭയകക്ഷി ബന്ധം കൂടുതല് ആഴമുള്ളതാക്കുവാന് സംഘം സഹായിക്കും. ഉന്നത സാങ്കേതികവിദ്യയിലെ വ്യാപാരം ശക്തിപ്പെടുത്തുവാന് ആവശ്യമായ കാര്യങ്ങള് അതോടൊപ്പം കയറ്റുമതി നിയന്ത്രണം അണ്വായുധങ്ങള് കൈവശം വയ്ക്കുന്നതു തടയല് അതോടൊപ്പം ഈ മേഖലയിലെ മന്ത്രിമാര് , ഉന്നത തല വ്യാപാര വിഭാഗങ്ങള് എന്നിവ ഉള്പ്പെടുന്ന ചര്ച്ചയുടെ വിപുലീകരിച്ച രണ്ടാം വട്ട ഘട്ടത്തിന് വേണ്ട തയാറെടുപ്പുകള് തുടങ്ങിയ വിഷയങ്ങളിലുമുള്ള കാഴ്ചപ്പാടുകള് ഇരു വിഭാഗാവും പങ്കു വച്ചു. രണ്ടാം ഘട്ട ചര്ച്ച രണ്ടായിരത്തി പതിനാലില് ന്യൂഡെല്ഹിയില് വച്ച് നടക്കും

• ബെര്ലിനില് കഴിഞ്ഞ ഏപ്രിലില് (ഏപ്രില് 2013 ) നടന്ന രണ്ടാം ഇന്ത്യ- ജര്മന് ഗവണ്മെന്റ് ചര്ച്ചകളോട് (Second Indo-German governmental consultations ) അനുബന്ധിച്ച് പ്രധാനമന്ത്രി ഡോ . മന് മോഹന് സിംഗും ഫെഡറല് ചാന്സലര് ഏഞ്ചല മെര്ക്കലും തീരുമാനിച്ചതിനെ തുടര്ന്നായിരുന്നു ഇത്തരമൊരു സംഘം രൂപം കൊണ്ടത്. ഏപ്രിലില് നടന്ന ചര്ച്ചയില് ഉന്നത സാങ്കേതിക വിദ്യയില് വ്യാപാരവും സഹകരണവും നടത്താമെന്ന് ഇരു ഗവണ്മെന്റുകളും തീരുമാനിച്ചിരുന്നു.

**ബെര്ലിന്**
**സെപ്തംബര് 9, 2013**